# ഡിറ്റക്ടീവ് അർജുൻ



**കഥാസാരം:** ഡിറ്റക്റ്റീവ് അർജുന് മേധാവി ഒരു പുതിയ ദൗത്യം ഏൽപ്പിക്കുന്നു. പോലീസ് പട്രോളിങ്ങിനിടയിൽ കണ്ട നാവ് മുറിക്കപ്പെട്ട ആദിവാസി ബാലന്റെ ദുരന്തത്തെക്കുറിച്ച് അന്വേഷിക്കാൻ. മൂകനായ അവനോടൊപ്പം കൂട്ടുകൂടി അവന്റെ ഭൂതകാല രഹസ്യങ്ങൾ പുറത്തെടുക്കാൻ അർജുൻ ശ്രമിക്കുന്നു. അർജുനും ഇൻസ്പെക്ടറും ആദിവാസികളുടെ കൈയിൽ പെടുന്നു. നാവ് മുറിക്കപ്പെട്ട ബാലൻ അവരെ രക്ഷിക്കുന്നു...




അർജുനും ഇൻസ്പെക്ടർ പ്രഭാതും കാട്ടിനുള്ളിലെ ഗുഹയിൽ–
മാർക് അവിടെ കിടന്നു.
നേരം വെളുക്കുന്നതു വരെ കാത്തിരിക്കാനാണ് അവൻ അർത്ഥമാക്കുന്നത്!
ഹാവൂ! അതുവരെ നമുക്കും ഒന്നു മയങ്ങാം.
ഇൻസ്പെക്ടർ പ്രഭാത് ക്ഷീണത്തിൽ പെട്ടെന്നുറങ്ങി–
ഏതാനും മണിക്കൂറുകൾ കഴിഞ്ഞപ്പോൾ–
പ്രഭാത്, ഉണരൂ, നേരം വെളുത്തു.
ഹോ! ഇത്ര പെട്ടെന്നോ? അല്ല, നമ്മളിതെവിടെയാണ്?


ഇതിനുള്ളിൽ നിറയെ ചിത്രങ്ങളും കൊത്തുപണി കളുമാണല്ലോ.
ഹൂ! ഒരു കൊട്ടാര ത്തിന്റെ വിശാലമായ അകത്തളം പോലെ!
ഇതൊരു സാധാരണ ഗുഹയല്ല!
അതാ, മാർക്ക് നമ്മെ വിളിക്കുന്നു. വരൂ.
താഴേയ്ക്കു പടവുകൾ!
ഹയ്യോ! അവിടെ ഒരസ്ഥികൂടം!
നരബലി നട ക്കുന്ന സ്ഥലമാ ണിത്!



കണ്ടില്ലേ, ആ തല ശിരസ്സിൽ നിന്നും വേർപെട്ടാണ് കിടക്കുന്നത്!
അതാ, അവിടേക്കു നോക്കൂ.. ഒരു വലിയ ദേവീപ്രതിമ.
ഇതൊരു ക്ഷേത്രമാണെന്ന് ഇനിയും മനസ്സിലായില്ലേ?
ആദിവാസികളുടെ ആരാധനാമൂർത്തിയാണിത്. മാർക്ക് വണങ്ങുന്നതു കണ്ടില്ലേ?
പക്ഷേ, നമ്മളെ ഇവിടേക്കു കൂട്ടിക്കൊണ്ടുവന്നത് എന്തിനാണ്? നരബലിക്കോ?
ആ വിഗ്രഹത്തിലേക്കു ചൂണ്ടി അവൻ നമ്മോടെന്തോ പറയുന്നു!
തുടരും